പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2137 — 18.12.2012-ൽ മറുപടിയ്ക്ക്

## പരസ്യ പ്രദർശന ബോർഡുകളുടെ വൈദ്യുതി ഉപയോഗം.

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റ്റി. എൻ. പ്രതാപൻ :<br>ശ്രീ. പി. എ. മാധവൻ :<br>ശ്രീ. സണ്ണി ജോസഫ് :<br>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പരസ്യ പ്രദർശന ബോർഡുകൾക്ക് വൈദ്യുതി ഉപയോഗിക്കുന്നതിന് നിരോധനം ഏർപ്പെടുത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാമാണ് ; | (എ) | പരസ്യപ്രദർശന ബോർഡുകൾക്ക് വൈദ്യുതി ഉപയോഗിക്കുന്നതിന് നിരോധനം ഏർപ്പെടുത്തണമെന്ന്, സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ 2012 ഒക്ടോബർ 9-ലെ ഉത്തരവിലൂടെ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | ഇത്തരത്തിൽ വൈദ്യുതി ഉപയോഗിക്കുന്നവർക്ക് മുന്നറിയിപ്പ് നൽകാൻ സർക്കിൾ, സെക്ഷൻ ഓഫീസർമാർക്ക് നിർദ്ദേശം നൽകുമോ ; | (ബി) | പരസ്യാവശ്യങ്ങൾക്ക് വൈദ്യുതി ഉപയോഗിക്കുന്നവർക്ക് മുന്നറിയിപ്പ് നൽകുന്നതിന് വിതരണ വിഭാഗം ചീഫ് എഞ്ചിനീയർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (സി) | ഇത് ലംഘിക്കുന്നവരുടെ വൈദ്യുതി കണക്ഷൻ റദ്ദാക്കുന്ന കാര്യം ആലോചിക്കുമോ ? | (സി) | സംസ്ഥാന റെഗുലേറ്ററി കമ്മീഷന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, പരസ്യ പ്രദർശന ബോർഡുകൾക്ക് ഗ്രിഡിൽ നിന്നുള്ള വൈദ്യുതി ഉപയോഗിക്കരുത് എന്നുള്ള നിർദ്ദേശം, വൈദ്യുതി ബോർഡ്, ഇത്തരം ഉപഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്. എന്നാൽ ടി ഉപഭോക്താക്കളുടെ സംഘടന നിലവിലുള്ള വൈദ്യുതി പ്രതിസന്ധി തരണം ചെയ്യുന്നതിന് പരമാവധി സഹകരിക്കാമെന്നും, എന്നാൽ ഈ ഉപഭോക്താക്കൾക്ക് പൂർണ്ണമായി വൈദ്യുതി നൽകാതിരുന്നാൽ, അത് അവരുടെ നിലനിൽപ്പിനെത്തന്നെ ബാധിക്കുമെന്നും വൈദ്യുതി ബോർഡിനെ അറിയിച്ചിട്ടുണ്ട്. അവരുടെ ഈ അപേക്ഷ, ഡിസംബർ 10-ാം തീയതി നടത്തിയ പൊതു തെളിവെടുപ്പിൽ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. ആയതിനാൽ പരസ്യാവശ്യത്തിന് വൈദ്യുതി ഉപയോഗിക്കുന്നവരുടെ വൈദ്യുതി വിച്ഛേദിക്കുന്നതിനുള്ള നടപടികൾ എടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ.